"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളീയ പ്രവാസികാര്യ വകുപ്പ് - 'നോർക്ക ശുഭയാത്ര' പദ്ധതി 2025-26 - ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.667/2025/NORKA തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ.) നമ്പർ 654/2025/നോർക്ക തീയതി 11.06.2025.

2. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.06.2025 തീയതിയിലെ റൂട്ട്സ്/1584/2024-NRD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെ വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സഹായിക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് 'നോർക്ക ശുഭയാത്ര'. പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി (Scheme for Foreign Employability Skilling Assistance), വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി (Scheme for Foreign Employment Travel Assistance) എന്നീ രണ്ട് ഉപപദ്ധതികളായാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

2) 2025-26 സാമ്പത്തിക വർഷത്തിൽ 'നോർക്ക ശുഭയാത്ര' പദ്ധതി ₹1,00,00,000/- (ഒരു കോടി രൂപ മാത്രം) 6250-60-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് നടപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ടി തുകയിൽ നിന്നും ആദ്യ ഗഡുവായി ₹50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് നൽകണമെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'നോർക്ക ശുഭയാത്ര' പദ്ധതിയ്ക്കായി 2025-26 സാമ്പത്തികവർഷം ഭരണാനുമതി നൽകിയ ₹1,00,00,000/- (ഒരു കോടി രൂപ മാത്രം)-യിൽ നിന്നും ആദ്യ ഗഡുവായി ₹50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) 6250-60-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ, ടി പദ്ധതി നടപ്പാക്കുന്നതിന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അനുവദിച്ചുകൊണ്ടും ടി തുക 010167D061 എന്ന ഡി.ഡി.ഒ. കോഡ് വഴി പിൻവലിക്കുന്നതിന് നോർക്ക റൂട്ട്സ് ഡി.ഡി.ഒ ആയ ഫിനാൻസ് & അക്കൗണ്ട്സ് മാനേജർക്ക് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

4) പദ്ധതിയ്ക്കുള്ള ഫണ്ട് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിലവിലെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി സുനിൽ കുമാർ

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ്.
കേരളീയ പ്രവാസികാര്യ (ബി 1) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (ബി 3/182/2025-നോർക്ക)/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 18-06-2025 15:17:43
സെക്ഷൻ ഓഫീസർ